# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2102 — 16.08.2017-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

| | ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വികസന പദ്ധതികൾക്ക് ധനസഹായത്തിനായി രൂപം നൽകിയ കിഫ്ബിക്ക് പണം കണ്ടെത്തുന്നതിന്, കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർ ഇതിനകം ചിട്ടിയിൽ അംഗങ്ങളായി; | (എ) | പ്രവാസി ചിട്ടി ആരംഭിച്ചിട്ടില്ല. ആരംഭിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ കെ.എസ്.എഫ്.ഇ.യുടെ എത്ര ബ്രാഞ്ചുകളിലാണ് പ്രവാസി ചിട്ടി ആരംഭിക്കുന്നത്; | (ബി) | പ്രവാസി ചിട്ടി ശാഖകളെ ആശ്രയിച്ചല്ല, കേന്ദ്രീകൃതമായ ഒരു പ്രതീതി ശാഖ (Virtual Branch) രൂപീകരിച്ച് പൂർണ്ണമായും കമ്പ്യൂട്ടർവത്കൃത സംവിധാനത്തിൽ ആണ് പ്രവാസി ചിട്ടികൾ നടത്തുക. എല്ലാ ശാഖകളും പ്രവാസിച്ചിട്ടികളുടെ കച്ചവട വികസനത്തിനു വേണ്ടിയുള്ള കേന്ദ്രങ്ങൾ ആയിരിക്കും. |
| (സി) | പ്രസ്തുത ചിട്ടിയിൽ ചേരുന്നവർക്കെല്ലാം ഇൻഷ്വറൻസും, പെൻഷനും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | പ്രവാസി ചിട്ടിയിൽ ചേരുന്നവർക്ക് നൽകേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ. അവയുടെ വിശദാംശങ്ങൾ തീരുമാനിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.